പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: * 827

25.07.2012 ൽ മറുപടിയ്ക്ക്

## കെ. ടി. ഡി. സി. യെ ലോകോത്തര നിലവാരത്തിലേക്കുയർത്തുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. റ്റി.എ. റഹീം<br>,, വി. ചെന്താമരാക്ഷൻ<br>,, റ്റി. വി. രാജേഷ്<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കെ. ടി. ഡി. സി. സ്ഥാപനങ്ങളെ ലോകോത്തര സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുവേണ്ടി സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; | (എ), (ബി), (സി) & (ഡി) | ഉണ്ട്. കെ.ടി.ഡി.സി.- യുടെ ബ്രാന്റഡ് ഹോട്ടലുകളിൽ നിലവിലുള്ള ഉപഭോക്താക്കളുടെ അനുഭവങ്ങളും അവരുടെ കാഴ്ചപ്പാടുകളേയും കുറിച്ച് പഠിക്കാനും ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കാനുമായി അനുഭവ സമ്പത്തുള്ള ഒരു റിസർച്ച് ഏജൻസിയെ കണ്ടുപിടിച്ച് ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാലോചിതമായി വേണ്ട മാറ്റങ്ങൾ ആ റിപ്പോർട്ട് പഠിച്ചതിനു ശേഷം നടപ്പാക്കും. ആയതിലേക്ക് 20 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. |
| (ബി) കെ. ടി. ഡി. സി. യുടെ ഏതെല്ലാം സ്ഥാപനങ്ങളിൽ അതിന് തുടക്കം കുറിച്ചിട്ടുണ്ടെന്നും അതിനായി ഈ വർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും വെളിപ്പെടുത്താമോ; | | |
| (സി) ലോകോത്തരമാകുന്നതിന് കെ. ടി. ഡി.സി.യുടെഓരോ സ്ഥാപനവും ഏത് നിലവാരത്തിലേയ്ക്ക് ഉയരണമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ; | | |
| (ഡി) അതിനായി ബോർഡ് അനുമതിയോടെ രൂപം കൊടുത്ത പദ്ധതികളുടെ വിശദാംശങ്ങളും ആയതിലേയ്ക്ക് ഈ വർഷം ചെലവാക്കാ | | |

നുദ്ദേശിക്കുന്ന തുകയുടേയും അവ എങ്ങിനെയാണ് കണ്ടെത്തുവാനുദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ ;

(ഇ) 2011-12 ലെ ബഡ്ജറ്റിൽ വകയിരുത്തിയ 5 കോടി രൂപയിൽ കെ. ടി. ഡി. സി. എത്ര ചെലവഴിച്ചു ?

(ഇ) 2011-12-ലെ ബഡ്ജറ്റിൽ കോഴിക്കോടും ആലപ്പുഴയിലും കെ.ടി.ഡി.യുടെ ഹോട്ടൽ സമുച്ചയം നിർമ്മിക്കുന്നതിനാണ് 5 കോടി രൂപ വകയിരുത്തിയിരുന്നത്. എന്നാൽ ഈ പദ്ധതികൾക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കാൻ കഴിയാത്തതിനാൽ ഇതിനുവേണ്ടി ഇതുവരെ തുകയൊന്നും ചിലവഴിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ